بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 28.11.2014

## (05 SAFAR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

മൗറീഷ്യസിലും, റോഡ്ഗ്രിഗ്വൂസ്, അഗലേഗ എന്നിവിടങ്ങളിലും 2014 ഡിസംബർ 10 ബുധനാഴ്ച പൊതു തിരഞ്ഞെടുപ്പ് നടക്കുകയാണ് എന്ന വിവരം നിങ്ങൾക്കെല്ലാ പേർക്കും അറിയാവുന്നതാണ്. 2014 ലെ പൊതു തെരഞ്ഞെടുപ്പിന് 74 രാഷ്ട്രീയ പാർട്ടികൾ രജിസ്റ്റർ ചെയ്തിരിക്കുകയാണ്.

12 ലക്ഷം മാത്രം ജനസംഖ്യയുള്ള മൗറീഷ്യസ് പോലുള്ള ചെറുരാജ്യത്ത്, രാഷ്ട്രീയ പാർട്ടികൾ പ്രധാനപ്പെട്ട രണ്ട് രാഷ്ട്രീയ ബ്ലോക്കുകളായി തിരിഞ്ഞ് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രാദേശിക, മേഖലാ യോഗങ്ങളും വീടു സന്ദർശനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

നവിൻ റംഗൂലാമും, പാൾ ബറിൻജറും നേതൃത്വം നല്കുന്ന PTR/MMM കൂട്ടായ്മയും ജനകീയ കൂട്ടായ്മ എന്ന പേരിൽ അറിയപ്പെടുന്ന MSM PMSD-ML പാർട്ടിയുമാണ് തെരഞ്ഞടുപ്പിനെ നേരിടുന്നത്.

PTR/MMM കൂട്ടായ്മ ലക്ഷ്യമിടുന്നത് ഒരു ഏകീകൃത ജനകീയ കൂട്ടായ്മയാണ്; ഒരു പുതിയ രാജ്യം. അവർ ലക്ഷ്യമിടുന്നത് മൗറീഷ്യസിനെ ഒരു രണ്ടാം റിപ്പബ്ലിക്ക് ആക്കി മാറ്റുക. നിയമ സഭാ തെരഞ്ഞെടുപ്പിലൂടെ നാലിൽ മൂന്ന് ഭൂരിപക്ഷം ലഭിച്ചാൽ പുതിയ ഭരണസംവിധാനം നടപ്പിൽ വരുത്തുവാൻ അവർ ആഗ്രഹിക്കുന്നു. അങ്ങനെയായാൽ പോൾ ബറിൻജർ പ്രധാനമന്ത്രിയായി അഞ്ച് വർഷവും നവിൻ റംഗൂലാം പ്രസിഡന്റായി 7 വർഷവും ഭരിക്കും. അതനുസരിച്ച് ഭരണഘടന ഭേദഗതി വരുത്തുന്നതാണ്. എന്നാൽ ജനകീയ സഖ്യം ഇതിനെതിരാണ്. മൗറീഷ്യസിനെ ഒരു രണ്ടാം ജനകീയ റിപ്പബ്ലിക്ക് ആക്കി മാറ്റേണ്ട കാര്യമില്ല എന്നവർ വാദിക്കുന്നു. അവരുടെ അഭിപ്രായ പ്രകാരം നവീനും, പോളും അധികാരമോഹികളാണ്. അവർ നോക്കുന്നത് അവരുടെ വ്യക്തിപരമായ താൽപര്യം മാത്രമാണ്. മൗറീഷ്യൻ ജനതയുടെ പ്രശ്നങ്ങളിൽ അവർക്ക് യാതൊരു താൽപര്യവുമില്ല. ഈ രണ്ടാം റിപ്പബ്ലിക്ക് കൂടുതൽ ഏകാധിപത്യത്തിലേക്ക് രാഷ്ട്രത്തെ കൊണ്ട് എത്തിക്കുന്നതാണ്. ജനകീയ കൂട്ടായ്മ ഈ എതിരാളി സഖ്യത്തെ അൽപം പോലും ഇഷ്ടപ്പെടുന്നില്ല. അവർ പറയുന്നു അവർ ജനങ്ങൾക്ക് വേണ്ടി ഒരു ജനകീയ കൂട്ടായ്മ സഖ്യം രൂപപ്പെടുത്തിയിരിക്കുകയാണ്. അവർ അധികാരം കാംഷിക്കുന്നില്ല. അവർ ജനങ്ങളെ സംരക്ഷിക്കുവാൻ ഇവിടെ ഉണ്ടായിരിക്കുന്നതാണ്.

ബുദ്ധി ഉപയോഗിക്കുന്ന മൗറീഷ്യൻ ജനത മനസ്സിലാക്കണം ! മത സമുദായ അടിസ്ഥാനത്തിൽ ഏതെങ്കിലും രാഷ്ട്രീയ സഖ്യത്തിലോ, ഭൂരിഭാഗത്തിലോ അല്ലാ മൗറീഷ്യസ്. 2014 ഡിസംബർ 10 ബുധനാഴ്ച ഓരോ മൗറീഷ്യനും ഒരു നല്ലകാര്യം ചെയ്യുവാനുള്ള സുവർണ്ണാവസരം സമാഗതമാകുകയാണ്. അധികാരമോഹികളേയും, കുഴപ്പക്കാരേയും, കഴിവ് കെട്ടവരേയും, ഈ രാഷ്ട്രത്തിന്റെ രക്തം ഊറ്റിക്കുടിക്കുന്നവരെയും, മൗറീഷ്യൻ ജനതയുടെ ജീവിതം ദുഃസഹമാക്കുകയും ചെയ്യുന്നവരേയും തുടച്ചു നീക്കുവാനുള്ള ഒരു സുവർണ്ണാവസരം ! ഇവിടെ എല്ലാം ദുഃസഹമായിരിക്കുകയാണ്. ജീവിത ചെലവ് ഉയർന്നിരിക്കുന്നു. സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ക്രമസമാധാന നില തകർന്നിരിക്കുന്നു. അഭ്യസ്തവിദ്യരായ അനേകം പേർ തൊഴിലില്ലാതെ വലയുന്നു. ഉന്നത പഠനത്തിനായി അവരുടെ കുടുംബം വളരെയധികം പണം ചെലവഴിച്ചതാണ്. മറ്റു ചിലർ ഇതാ രാഷ്ട്ര മുതൽ ഉപയോഗിച്ച് ആനന്ദ തുന്ദിലരായി കഴിയുന്നു.

കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പിലും വിജയിച്ച രാഷ്ട്ര ഭരണാധികാരി ഈ രാജ്യത്തെ വിഡ്ഢി വേഷം കെട്ടിച്ചിരിക്കുകയാണ്. പ്രതിപക്ഷ നേതാവായ പോൾ ബറിൻജർ, നവിൻ റാംഗൂലാമിനും അദ്ദേഹത്തിന്റെ മന്ത്രിസഭയ്ക്കുമെതിരെ ആരോപണങ്ങളുടെ മിസൈലുകൾ തൊടുത്തിവിട്ടു. എന്നാൽ മൗറീഷ്യസിനെ പുരോഗതിയിലേക്ക് നയിക്കുന്നതിന് ; മൗറീഷ്യസിനെ ഒരു രണ്ടാം റിപ്പബ്ലിക്ക് ആക്കി മാറ്റുന്നതിന്, റംഗുലാം ഒരു പ്രധാന പങ്ക് വഹിക്കുവാൻ തയ്യാറായിരിക്കുന്നു. അതുകൊണ്ട് തന്നെ അദ്ദേഹം ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ ഇടംതേടേണ്ടി വരില്ല. അദ്ദേഹം പോൾ ബറിൻജർ എന്ന പ്രതിപക്ഷ നേതാവിനെ, തന്റെ സഖ്യകക്ഷിയിൽ ചേർത്ത് - കാരണം അദ്ദേഹത്തിനറിയാം കഴിഞ്ഞ 30 വർഷമായി പോൾ ബറിൻജർ മൗറീഷ്യസിൽ തെര

ഞ്ഞെടുപ്പ് പരിഷ്ക്കരണത്തിനായി പോരാടിക്കൊണ്ടിരിക്കുകയാണ് - അതിലൂടെ മൗറീഷ്യസിന് ഒരു രണ്ടാം റിപ്പബ്ലിക്ക് ആക്കി മാറ്റുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ, ഈ നൂതന സാഹചര്യത്തിൽ - വ്യവസ്ഥകളിലൂടെ സഖ്യം രൂപീകരിച്ച് - ബറിൻജർ ഇലക്ഷൻ പരിഷ്ക്കരണത്തിലൂടെ രണ്ടാം റിപ്പബ്ലിക്ക് ആക്കി മാറ്റുന്ന മൗറീഷ്യൻ ഭരണത്തിൽ ചേരാമെന്ന് സമ്മതിച്ചിരിക്കുന്നു. അങ്ങനെ അടുത്ത അഞ്ച് വർഷത്തേക്ക് അദ്ദേഹത്തെ പ്രധാനമന്ത്രിയാക്കുക, അതുപോലെ നവീം റംഗൂലാം എല്ലാവിധ അധികാരങ്ങളോടെയും 7 വർഷം പ്രസിഡന്റായും തുടരുക.

ഈ സാഹചര്യത്തെക്കുറിച്ച് ഓരോ മൗറീഷ്യനും ഗാഢമായി ചിന്തിക്കുക. 2014 ഡിസംബർ 10 ന് ഓരോ മൗറീഷ്യന്റെയും കയ്യിൽ രാഷ്ട്ര ശുദ്ധീകരണത്തിനുള്ള ഒരായുധം കയ്യിലുണ്ട് എന്ന് മറക്കരുത്. ആ ആയുധം നിങ്ങളുടെ പേനയാണ്. എല്ലാവിധ അഴിമതികളും അഴുക്കുകളും തുടച്ച് നീക്കുവാൻ ഹൃദയംഗമമായി വോട്ടു ചെയ്യുക. എനിക്ക് പറയുവാൻ കഴിയും PTR-MMM കൂട്ടായ്മയിലൂടെ പോൾബറിൻജർ ശുദ്ധീകരണം ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. പൊതു തെരഞ്ഞെടുപ്പിൽ വിജയിച്ചാൽ മുന്നോട്ട് വെച്ചിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ഈ കൂട്ടായ്മയുടെ മുന്നോട്ടുള്ള യാത്ര. ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ മഹത്തായ അനുഭവങ്ങൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുമായി ജീവിതത്തിലുടനീളം പോരാടിയ വ്യക്തി എന്ന നിലയിലും, വധിക്കപ്പെടുന്നതിൽ നിന്ന് ഭാഗ്യത്തിന് രക്ഷപ്പെട്ട മാന്യദേഹമെന്ന നിലയിലും, ഞാൻ വിശ്വസിക്കുന്നു മൗറീഷ്യസിലെയും, റോഡ്ഗ്രിഗ്യൂസിലെയും അഗലേഗയുടെയും പ്രധാനമന്ത്രിയായിരിക്കാൻ അദ്ദേഹം സർവ്വഥാ യോഗ്യനാണ്. എന്നാൽ ദൗർഭാഗ്യവശാൽ, അദ്ദേഹത്തിന്റെ തൊലിയുടെ നിറം - അദ്ദേഹം വെളുത്ത ആളാണ് - ഇന്ത്യൻ വംശജരായ ബഹുഭൂരിഭാഗം ആളുകളും ഇത് അംഗീകരിക്കുന്നില്ല. ഒരു വെള്ളക്കാരൻ പ്രധാനമന്ത്രിയെന്ന നിലയിൽ അവരെ ഭരിക്കുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. അവർ അനേകം പ്രശ്നങ്ങളിലും, പ്രയാസങ്ങളിലൂടെയുമാണ് കടന്നു പോകുന്നതെങ്കിലും ! മറ്റുള്ളവരെക്കാൾ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് അവരാണ്. എന്നിട്ടും അവരുടെ വർഗ്ഗത്തിലും വിശ്വാസത്തിലുമുള്ളവർക്കാണ് അവർ വോട്ടു ചെയ്യുവാൻ താൽപ്പര്യം കാണിക്കുന്നത്. എന്നാൽ ഇപ്പോൾ PTR-MMM കൂട്ടുകെട്ട് പോൾ ബറിൻജർ ഇപ്പോൾ ഒരു നായകനായി മാറിയിരിക്കുകയാണ്. PTR പാർട്ടിയുമായി തുല്യ സീറ്റുകൾക്ക് ധാരണയായിരിക്കുകയാണ്. (30 / 30) ഭൂരിഭാഗം ഹിന്ദു സാമൂഹ്യ സാംസ്കാരിക ഗ്രൂപ്പുകളുടെ എതിർപ്പുണ്ടെങ്കിൽ പോലും ! പൊതു തെരഞ്ഞെടുപ്പിൽ പോൾ ബറിൻജർക്ക് ഇത്രയും സീറ്റുകൾ അനുവദിച്ചത് അവർക്കിഷ്ടമായിട്ടില്ല. ചുരുക്കത്തിൽ ഈ നീക്കത്തിലൂടെ പോൾ ബറിൻജർ തന്റെ ബുദ്ധി വൈഭവം പ്രകടമാക്കിയിരിക്കുകയാണ്. വലിയ ശത്രുക്കൾ തന്നെ ലക്ഷ്യം വയ്ക്കുന്നുണ്ട് എന്ന് നന്നായി മനസ്സിലാക്കിയിട്ടുള്ള പോളിന് എങ്ങനെയാണ് തന്റെ ജോലി ചെയ്യേണ്ടതെന്ന് നന്നായി അറിയാം. ഈ അധിക്ഷേപങ്ങൾക്കിടയിലും, സഖ്യം സ്ഥാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. തുടച്ചു വെടിപ്പാക്കൽ നടപടി പ്രാവർത്തികമാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അങ്ങനെ 2014 നവംബർ 15 ന് സ്ഥാനാർത്ഥി പട്ടിക പുറത്തു വന്നപ്പോൾ, നമുക്കൊരു കാര്യം വ്യക്തമായി. അതായത്, റംഗൂലം ഗവൺമെന്റിലെ 12 മന്ത്രിമാർക്കും 7 ഡെപ്യൂട്ടി മന്ത്രിമാർക്കും തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥി പട്ടികയിൽ ഇടംകിട്ടിയില്ല.

തെരഞ്ഞെടുപ്പ് പരിഷ്ക്കരണ വ്യവസ്ഥയെ അവലോകനം ചെയ്യുമ്പോൾ, ഇതിലെന്തെങ്കിലും കപട നാടക മുണ്ടോ എന്ന് സംശയിച്ചാൽ, പോൾ ബറിൻജറെ ഒരു പണയമായി ഉപയോഗപ്പെടുത്തിക്കൊണ്ട്, ഇപ്പോഴത്തെ പ്രധാനമന്ത്രി വീണ്ടും അധികാരത്തിൽ വരില്ലേ ? എന്ന ആശങ്കയ്ക്കിടയുണ്ട്. അപ്പോൾ, ഇൻശാ അല്ലാഹ്, നാം ധാരാളമായി പ്രാർത്ഥിക്കുക, ദുഷ്ടാത്മാക്കൾ, ദുഷ്ട ഉദ്ദേശത്തോടുകൂടി നടത്തുന്ന കാര്യങ്ങൾ, വിജയിക്കാതിരിക്കുവാനായി ! പരമോന്നതനായ അല്ലാഹു ദുഷ്ടന്മാരെ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് തള്ളട്ടെ! PTR-MMM ന്റെ രണ്ടാം റിപ്പബ്ലിക്കിനെക്കുറിച്ച് പഠനം നടത്തുമ്പോൾ, റിപ്പബ്ലിക്കിന്റെ പ്രസിഡന്റിന് അധികാരത്തിൽ, ശക്തമായ അധികാര അവകാശമാണുള്ളത്. തെരെഞ്ഞടുപ്പ് വ്യവസ്ഥയിലെ ആർട്ടിക്കിൾ 4 (a) 11) അവലോകനം ചെയ്യുമ്പോൾ, രണ്ടു പാർട്ടികൾക്കിടയിലുള്ള വ്യവസ്ഥയനുസരിച്ച്, പ്രധാനമന്ത്രിയോട് ഒരു മന്ത്രിയുടെ നിയമനം സംബന്ധിച്ചോ തിരിച്ചു വിളിക്കൽ സംബന്ധിച്ചോ പ്രസിഡന്റു നല്കുന്ന ശുപാർശകൾ അർഹമായ പരഗണന നല്കേണ്ടതാണ്. എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ളതാകുന്നു.

പ്രസിഡന്റ് നൽകുന്ന ശുപാർശ പ്രവർത്തി പഥത്തിൽ കൊണ്ടുവരത്തക്ക നിലയിൽ ചെയ്യുവാനുള്ള ബാധ്യത പ്രധാനമന്ത്രിക്കുണ്ടായിരിക്കും. പ്രധാന മന്ത്രിക്ക് വിവേചനാധികാരം ഉണ്ടായിരിക്കില്ല. പ്രസിഡന്റിന്റെ ശുപാർശയെ അവഗണിക്കുവാൻ പ്രധാനമന്ത്രിക്കാവില്ല. പ്രവർത്തി പഥത്തിൽ കൊണ്ടുവരുവാനുള്ള പരിഗണന എന്ന ഉത്തരവാദിത്വം എന്താണ് ? പ്രസിഡന്റിന്റെ ശുപാർശയെ പ്രയോഗവൽക്കരിക്കുവാനുള്ള ഉത്തരവാദിത്വം പ്രധാനമന്ത്രിക്കുണ്ട്. ഉപയോഗിച്ചിരിക്കുന്ന പദങ്ങൾക്ക് കൂടുതൽ വ്യക്തത ആവശ്യമുള്ളതാണ്. ഈ വ്യവസ്ഥയനുസരിച്ച് പ്രസിഡന്റ് നൽകുന്ന നിയമനം അഥവാ പിരിച്ചുവിടൽ നടപ്പിൽ വരുത്തുന്നത് പ്രധാനമന്ത്രി കാര്യമായി പരിഗണിക്കേണ്ടതാണെന്നാണ്. എന്റെ അഭിപ്രായത്തിൽ പ്രധാനമന്ത്രി, പ്രസിഡന്റ് നൽകുന്ന ശുപാർശകൾ നടപ്പിലാക്കേണ്ടയാളല്ല. ഭരണഘടനയനുസരിച്ച് പ്രധാനമന്ത്രിയാണ് ഒരു മന്ത്രിയെ നിയ

മിക്കുന്നതു സംബന്ധിച്ചും പിരിച്ചു വിടുന്നതു സംബന്ധിച്ചും തീരുമാനമെടുക്കുന്നത്. ഈ തീരുമാനം പേപ്പർ രൂപത്തിൽ നടപ്പിൽ വരുത്തുന്നത് പ്രസിഡന്റ് ആണെങ്കിൽ പോലും ഭരണഘടനാ ആർട്ടിക്കിൾ (60)4 അനുസരിച്ച് പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മാത്രമാണ്. ഒരു മന്ത്രി സ്ഥാനം ഒഴിവു ഉണ്ട് എന്ന് പ്രസിഡന്റ് പ്രഖ്യാപിക്കേണ്ടത്. പ്രസിഡന്റിന് സ്വയമേ നിയമിക്കുവാനോ പിരിച്ചു വിടുവാനോ ഉളള അധികാരമില്ല.

ഇൻശാ അല്ലാഹ് ! ഈ വിഷയം സംബന്ധിച്ച് കുറെ കൂടി ഗഹനമായി ഞാൻ സംസാരിക്കുന്നതാണ്. ജനമനസ്സുകളിൽ ഇനിയും വ്യക്തമായിട്ടില്ലാത്ത ഈ വിഷയത്തെ സംബന്ധിച്ച് അടുത്ത വെള്ളിയാഴ്ച ഖുത്തുബയിൽ പ്രതിപാദിക്കുന്നതാണ്. 2014 ലെ മൗറീഷ്യസ് പൊതു തെരഞ്ഞെടുപ്പ് സംബന്ധമായി, അല്ലാഹു (ത) കൂടുതൽ അറിവ് പ്രദാനം ചെയ്യുവാനായി പ്രാർത്ഥിക്കുന്നു. ഈ വിഷയം സംബന്ധിച്ച് മൗറീഷ്യസിലെയും റോഡ്ഗ്രിസിലെയും എല്ലാ മതത്തിൽപ്പെട്ട ആളുകളും എന്നോട് ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. നേരിട്ടും, എഴുത്തിലൂടെയും ഈ- മെയിൽ വഴിയും അതുകൊണ്ടാണ് ഇന്നത്തെ ഖുത്തുബയിൽ ഇത് സംബന്ധമായി ഞാൻ സംസാരിച്ചത്. എന്റെ ഖുത്തുബ തുടരുന്നതിന് മുമ്പ്, 2014 നവംബർ 5 ബുധനാഴ്ച റോഡ്റിഗ്യൂസിൽ വച്ച് തഹജ്ജുദ്, നമസ്ക്കാരത്തിന് മുമ്പായി കണ്ട ഒരു സ്വപ്നത്തെ സംബന്ധിച്ച് നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുന്നു.

2014 ഡിസംബർ 10 ന് നടക്കുന്ന പൊതു തെരഞ്ഞെടുപ്പിലെ ജനകീയ സഖ്യത്തിന്റെ നേതാവായ 85 വയസ്സുളള സർ അനിറൂഡ് ജുഗ്നാഥനെ ഞാൻ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം MSM ന്റെ മുൻ നേതാവായിരുന്നു. മൗറീഷ്യസിന്റെ മുൻ പ്രധാനമന്ത്രിയുമായിരുന്നു ; മുൻ പ്രസിഡന്റുമായിരുന്നു. സ്വപ്നത്തിൽ, അദ്ദേഹത്തെ നല്ല വസ്ത്രങ്ങൾ അണിഞ്ഞ് സ്റ്റൈലിൽ കാണുകയുണ്ടായി. അദ്ദേഹം എന്നോടൊപ്പമുണ്ടായിരുന്നു. ഞങ്ങൾ സംസാരിക്കുകയായിരുന്നു. ഞങ്ങൾ ഒരു കാറിൽ പ്രവേശിച്ചു. ഞാനാണ് കാറ് ഓടിച്ചുകൊണ്ടിരുന്നത്. ഞാൻ അദ്ദേഹത്തെ കളിവാക്ക് പറഞ്ഞ് പരിഹസിച്ചുകൊണ്ടിരുന്നു. ഞാൻ പറഞ്ഞു. **"പോൾ ബറിൻജർ നിങ്ങളുമായി ഒരു രാഷ്ട്രീയ ഉദ്ധാരണ പദ്ധതി ഉണ്ടാക്കിയിരുന്നുവല്ലോ. മൗറീഷ്യസ് റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് സ്ഥാനത്ത് നിന്ന് നിങ്ങളെ രാജിവെപ്പിച്ചല്ലോ. അദ്ദേഹം നിങ്ങളോട് പറഞ്ഞുവല്ലോ നമ്മുടെ രാജ്യത്ത് രക്ഷിക്കുവാൻ നിങ്ങൾ മുന്നോട്ടു വരിക എന്ന്. ഇപ്പോൾ പോൾ ബറിൻജർ നിങ്ങളെ കയ്യൊഴിഞ്ഞ്, ഒറ്റയ്ക്കാക്കിയിട്ട്, നവിൻ റംഗൂലവുമായി സഖ്യത്തിലേർപ്പെട്ടല്ലോ. അദ്ദേഹം നിങ്ങളോട് ശരിയായ നിലയിൽ പ്രവർത്തിച്ചില്ലല്ലോ. അദ്ദേഹം അപ്പോൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു."** അല്ലാ. പോൾ ബറിൻജർ വളരെ ബുദ്ധിമാനാണ്. അദ്ദേഹം മഹാനായ രാഷ്ട്രീയ നേതാവാണ്. രാഷ്ട്രീയത്തിൽ അദ്ദേഹം 45 വർഷം പിന്നിട്ടിരിക്കുകയാണ്. അദ്ദേഹം എന്താണ് ചെയ്യുന്നതെന്ന് അദ്ദേഹത്തിന് നന്നായി അറിയാം. സത്യത്തിൽ അദ്ദേഹം എനിക്കെതിരല്ല. അദ്ദേഹത്തിന് ഒരു യുദ്ധ കൗശലമുണ്ട്; സമര തന്ത്രമുണ്ട്. അത്രതന്നെ. ! സ്വപ്നം അവസാനിച്ചു. തഹജ്ജുദ് നമസ്ക്കാരത്തിന്റെ സമയത്ത് തന്നെ ഉണരുകയും ചെയ്തു.

ഇസ്ലാമിക നിയമത്തെക്കുറിച്ച് അല്പം ചില കാര്യങ്ങൾ പറയുകയാണ്. എന്താണ് ഇസ്ലാമിക നിയമം ? ഇസ്ലാമിക നിയമത്തിന്റെ ഉറവിടം ദൈവീകതയിൽ നിന്നുളളതാണ്. അതിന്റെ അടിസ്ഥാനം ദൈവീക വെളിപാടുകളാണ്. ദൈവീക ഉൽപ്പത്തിയിൽ നിന്നുളളതിനാൽ, ഇസ്ലാമിക നിയമം മനുഷ്യ നിയമങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നു. മനുഷ്യ നിർമ്മിത നിയമം കീഴ് നടപ്പുകൾ അനുസരിച്ചുളള വ്യവസ്ഥയുടെ ഉത്പന്നമാണ്. ആ നിയമത്തിന് ഒരിക്കലും പരിപൂർണ്ണവിജയം പ്രവർത്തന മണ്ഡലങ്ങളിൽ സ്വഭാവ ഐകരൂപ്യം സ്ഥാപിക്കുവാൻ സാധ്യമല്ല ; ദൈവീക നിയമങ്ങളെ പോലെ. ദൈവീക നിയമങ്ങൾക്ക് നിർണ്ണിത വ്യവസ്ഥകളുണ്ട്. നല്ലതെന്ത് ? ചീത്ത എന്ത് ? നന്മ എന്ത് ? തിന്മ എന്ത് ? എന്ന് അത് ഖണ്ഡിതമായി വ്യക്തമാക്കുന്നു.

ദൈവീക നിയമങ്ങൾ നല്ല പെരുമാറ്റങ്ങളുടെ അളവുകോലുകളാണ്. അത് പെരുമാറ്റങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രദാനം ചെയ്യുന്നു. അതിലൂടെ വ്യവസ്ഥാപിതമായ ഒരു സമൂഹ സൃഷ്ടി സുസാദ്ധ്യമാകുന്നു. നല്ലതും ചീത്തയും അവിടെ വേർതിരിക്കപ്പെടുന്നു. കടമകളുടെ സിദ്ധാന്തങ്ങൾ നല്ല നിലയിൽ രൂപ കൽപ്പന ചെയ്യുന്നതിലൂടെ എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു. ദൈവീക ബൗധികതയുടെ ഉത്പന്നം എന്ന നിലയിൽ പരമമായ നന്മ എന്താണെന്ന് അവൻ മാത്രമാണ് അറിയുന്നത്. അതിലൂടെ മുഴുവൻ മനുഷ്യകുലത്തിന്റെയും ക്ഷേമമാണ് ഉറപ്പാക്കുന്നത്. ദൈവീക നിയമത്തിന്റെ പ്രത്യേകത, അത് അനന്തമായി നിലനിൽക്കുന്നതും, പരിവർത്തന വിധേയമല്ലാത്തതുമാണ് എന്നതാണ്. സമൂഹത്തിന്റെ വളർന്നു വരുന്ന എല്ലാ ആവശ്യങ്ങളെയും അതിന്റെ തത്വങ്ങൾ ഉൾക്കൊളളുവാൻ കഴിയത്തക്ക നിലയിൽ അത് വിശാലവുമാണ്.

ഇതിൽ നിന്ന് വിപരീതമായ നിലയിലായിരിക്കും ; മനുഷ്യബുദ്ധിയെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തുന്ന നിയമങ്ങൾ ; അത് തെറ്റു സംഭവിക്കാവുന്നതുമാണ്. മാത്രമല്ല അവ നിർമ്മിക്കുന്നത് സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ; അതിന്റെ താൽപ്പര്യ സംരക്ഷണത്തിനുമായിരിക്കും. സമൂഹത്തിൽ മാറ്റം വരുന്നതിനനുസരിച്ച് നിയമങ്ങളും മാറുന്നതാണ്. പൊതുജനാഭിപ്രായ തോന്ന്യാസങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും അവയുടെ നിലനിൽപ്പ്. അഥവാ ഭരണാധി

കാരിയുടെ ഇഷ്ടാനുഷ്ടാനങ്ങൾക്കനുസൃതമായിരിക്കും ആ നിയമങ്ങളുടെ നിലനിൽപ്പ്. ദൈവീക നിയമത്തിന്റെ ഐക്യത ആ നിയമങ്ങൾക്ക് ഇല്ല. സമൂഹത്തിന്റെ ഏകതയും അതിനുണ്ടായിരിക്കില്ല.

ദൈവീക നിയമം എന്നത് എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള ഒരു പ്രഖ്യാപനമാണ്. സാധ്യമായ ഓരോ ആഗന്തുക സംഭവത്തെക്കുറിച്ചും അത് വിവരം നൽകുന്നു. വിശുദ്ധ ഖുർ ആന്റെ മുൻകൂട്ടിയുള്ള വാദം ഇതാകുന്നു.

**“ഈ ഗ്രന്ഥത്തെ, എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നതും അനുസരണം പുലർത്തുന്നവർക്ക് മാർഗ്ഗദർശകവും കാരുണ്യവും സുവിശേഷവുമായി നാം നിനക്ക് അവതരിപ്പിച്ചിരിക്കുന്നു.”** (16:90)

ചിര സമ്മതമായ സിദ്ധാന്തമനുസരിച്ച് ; ഇസ്ലാമിക നിയമം എന്നത്, ദൈവം വെളിപ്പെടുത്തിയ അവന്റെ ഇഷ്ടാനുഷ്ഠാനങ്ങളാണ്. ദൈവീക കല്പനകളടങ്ങുന്ന പദ്ധതി കാലാരംഭം തൊട്ട് പിന്തുടരുന്നതാണ്. അത് മുസ്ലീം രാഷ്ട്രത്തിൽ പിൻ തുടർന്നു വരുന്ന ഒരു പദ്ധതിയല്ല. മുസ്ലീം സമുദായം നിയന്ത്രിക്കുന്നതോ, നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതോ അല്ല. സമൂഹത്തിനും രാഷ്ട്രത്തിനും മുമ്പ് തന്നെ ദൈവീക നിയമം നിലവിലുണ്ട്. ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുവാൻ രാഷ്ട്രം നിലനിൽക്കുന്നു. ഈ നിയമത്തിന്റെ ലക്ഷ്യം ശരിയായ പാത കാണിച്ചുകൊടുക്കലാണ്. അഥവാ മാനവസേവനത്തിൽ സന്തോഷം കണ്ടെത്തുന്ന വ്യക്തിത്വ നിലവാരം സൃഷ്ടിക്കുക എന്നതാണ്. ഈ നിയമം എന്നത് അവകാശങ്ങളുടെയും ഉത്തരവാദിത്വങ്ങളുടെയും ആകെ തുകയാണ്. ഇത് അനന്തമായി നിലനിൽക്കുന്നു ; നീതി പൂർവ്വം വർത്തിക്കുന്നു ; എല്ലാ കാലത്തേക്കും എല്ലാ മനുഷ്യർക്കും വേണ്ടി.

ഇസ്ലാമിക ആശയത്തിൽ ദൈവം സർവ്വാധികാരിയാണ്. നിയമത്തിന്റെ ഉറവിടവുമാണ്. അവനെ മാത്രമാണ് മനുഷ്യൻ അനുസരിക്കേണ്ടത്. അവൻ സർവ്വ ശക്തനാണ് ; എല്ലാം കാണുന്നവനുമാണ്. മനുഷ്യരുടെ പ്രവർത്തനങ്ങൾ ഉദ്ദേശങ്ങൾക്കനുസൃതമായി വിലയിരുത്തപ്പെടുന്നതും, വിധിക്കപ്പെടുന്നതുമാണ്. ഇസ്ലാമിക നിയമത്തിലെ പ്രധാനപ്പെട്ട സവിശേഷത ഇതാകുന്നു. ഒരു വിശ്വാസി ആത്മാർത്ഥയോടെയും നല്ല വിശ്വാസത്തോടെയും ഈ നിയമങ്ങൾ അനുസരിക്കേണ്ടതാണ്. ഇസ്ലാമിക കർമ്മ ശാസ്ത്രത്തെ ഫിഖ്ഹ് എന്നു പറയുന്നു.

ഫിഖ്ഹ് എന്ന വാക്കിന്റെ അർത്ഥം ഗ്രഹണം അഥവാ അറിവ് എന്നാകുന്നു. ഫിഖ്ഹ് എന്നാൽ ഒരു മനുഷ്യൻ തനിക്കുവേണ്ടി ചെയ്യേണ്ടത് എന്തെല്ലാം ; തനിക്ക് വേണ്ടി ചെയ്യാൻ പാടില്ലാത്തത് എന്തെല്ലാം എന്നതിന്റെ വിവരണമാണ്. മനുഷ്യൻ എന്ന സ്വത്വത്തിന് അനുകൂലവും പ്രതികൂലവുമായ കാര്യങ്ങളുടെ വിശദീകരണം. മനുഷ്യന് ഏതറ്റം വരെ പോകാം. ഏതറ്റം വരെ പോകരുത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവകാശങ്ങളുടെയും ഉത്തരവാദിത്വങ്ങളുടെയും ശാസ്ത്രമാണ് ഫിഖ്ഹ്.

ഒരു വിശ്വാസി പൂർത്തീകരിക്കേണ്ട മതപരമായ കടമയാണ് ഇസ്ലാമിക നിയമം. ദൈവത്തിന്റെ നിയമം, ദൈവത്തിന്റെ നിയമമായി നിലനിൽക്കുന്നതാണ്. അത് ആരും തന്നെ നടപ്പിൽ വരുത്തിയില്ലെങ്കിലും ! വിശ്വാസികൾ ഇസ്ലാമിക സമൂഹത്തിൽ നിന്ന് പുറത്താണ് വസിക്കുന്നതെങ്കിലും നിയമം അനുസരിക്കുവാൻ ബാധ്യസ്ഥരാണ്. അവർ എവിടെയായിരുന്നാലും ഓരോ വ്യക്തിയും നിയമത്തിന് വ്യക്തിപരമായി വിധേയരായിരിക്കണം. സമുദായത്തിന്റെ താൽപ്പര്യമാണ് പ്രധാനമായും നിയമം പരിഗണിക്കുന്നത്. വ്യക്തിയുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നത്, ഇസ്ലാമിന്റെ പൊതു താൽപ്പര്യവുമായി യോജിച്ച് പോകുന്നതിനനുസരിച്ചായിരിക്കും.

ഇന്ന്, ഇവിടെ, ഈ വിഷയത്തെ സംബന്ധിച്ചുള്ള വെള്ളിയാഴ്ച ഖുത്തുബായ്ക്ക് വിരാമമിടുന്നു. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുവാനുള്ള തൗഫീഖിനായി ഞാൻ അല്ലാഹുവിനോട് ദു ആ ചെയ്യുന്നു. ഇൻശാ അല്ലാഹ് ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*******